# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## കേരളപാഠാവലി

**ക്ലാസ് : 6** **സമയം : 2 മണിക്കൂർ 15 മിനിറ്റ്**

---

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **3, 4** എന്നീ ചോദ്യങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

---

**(1)**

**വായിക്കാം എഴുതാം**

അന്നു രാത്രി 'ജൂ' അവളുടെ പുതിയ എട്ടാംക്ലാസ് പുസ്തകങ്ങൾ മറിച്ചു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. കണക്കിന്റെ പാഠപുസ്തകം തുറന്നതോടെ വെള്ളത്തിലേക്കിറക്കിവിട്ട താറാവിനെപ്പോലെ അവൾ അതിലൂടെ നീന്തിപ്പോയി. അവൾക്ക് കണക്ക് അത്രമാത്രം ഇഷ്ടമായിരുന്നു. അക്കങ്ങളും ക്ഷേത്രഗണിതത്തിലെരേഖകളും ആൾജിബ്രയിലെ അക്ഷരങ്ങളും ചേർന്ന് നടത്തുന്ന വേഷം മാറ്റങ്ങൾ അവളെ രസിപ്പിച്ചിരുന്നു. അവളുമായി അവ ഒളിച്ചുകളിക്കും. ഒരേസമയം അവളുടെ തലയ്ക്കകത്തും പുറത്തും നിറഞ്ഞുനിൽക്കുന്നു എന്ന് തോന്നിച്ച ഒരു മായാലോകത്തേിലേക്ക് അവളെ വെല്ലുവിളിച്ചുകൊണ്ട് അവ ഓടിപ്പോകും.

അവൾ അവയ്ക്കു പിന്നാലെ ഓടി ഒരു പടയാളിയെപ്പോലെ അവയെ വരുതിയിലാക്കും.

-സക്കറിയ

a) ജൂവിന് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം ഏതായിരുന്നു ?

**A.** ശാസ്ത്രം,

**B.** കണക്ക്

**C.** സാമൂഹ്യശാസ്ത്രം

**D.** ഭാഷ

b) പുതിയ പാഠപുസ്തകം തുറന്ന ജൂവിന്റെ അവസ്ഥയെ സൂചിപ്പിക്കാൻ കഥാകൃത്ത് ഉപയോഗിച്ച പ്രത്യേക പ്രയോഗം എന്തായിരുന്നു. ?

**A.** പിന്നാലെ ഓടുന്ന പടയാളി.

**B.** അക്കങ്ങളും അക്ഷരങ്ങളും രേഖകളും നടത്തുന്ന വേഷംമാറിക്കളി.

**C.** വെള്ളത്തിലേക്ക് ഇറക്കി വിട്ട താറാവ്

**D.** വേഷമാറ്റം നടത്തുന്ന അക്ഷരങ്ങൾ

c) ജൂ കണക്ക് ശരിയായി പഠിക്കുന്നു എന്ന് സൂചിപ്പിക്കുന്ന വരി ഏത് ?

**A.** അവളുമായി അവ ഒളിച്ചുകളിക്കും

**B.** അവളുടെ തലയ്ക്കകത്തും പുറത്തും നിറഞ്ഞു നിൽക്കുന്നു എന്ന് തോന്നും

**C.** അവൾ അവയ്ക്കു പിന്നാലെ ഓടി ഒരു പടയാളിയെപ്പോലെ അവയെ വരുതിയിലാക്കും.

**D.** ഒരു മായാലോകത്തിലേക്ക് അവളെ വെല്ലുവിളിച്ചുകൊണ്ട് അവ ഓടിപ്പോകും

d) ജൂ - ന്റെ ഗണിതശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത്.

**A.** ആസ്വദിച്ച് പഠിച്ച് പഠനം മനോഹരമാക്കാം
**B.** ധാരാളം സമയം പഠനത്തിന് ആവശ്യമുണ്ട്
**C.** എഴുതി പഠിക്കുന്നതാണ് കൂടുതൽ നല്ലത്
**D.** ശ്രദ്ധിച്ചില്ലെങ്കിൽ 'ഉത്തരങ്ങൾ തെറ്റിപ്പോകും

**(2)**

a) **രുചിയനുഭവം**

അമൃതം നുകരാം യൂണിറ്റ് നിറയെ ഭക്ഷണ വിശേഷമാണ്. നാവിനെ രസിപ്പിക്കുന്ന വീണ്ടും കഴിക്കാൻ കൊതി തോന്നിക്കുന്ന ചില വിഭവങ്ങൾ നമ്മുടെ മനസ്സിലുണ്ട്. രുചിയും മണവും മറക്കാൻ കഴിയാത്ത ഒരു ഇഷ്ട വിഭവത്തിന്റെ രുചിയനുഭവം എഴുതുക.

b) സൂചനകളിൽ തെളിയുന്ന കഥാപാത്രം ആര്?

നെറ്റിയുടെ രണ്ട് അറ്റങ്ങളിലും പളുങ്കിന്റെ മണിപോലെ വിയർപ്പിന്റെ തുള്ളികൾ ഉരുണ്ടുകൂടി നിന്നു മനസ്സ് വട്ടച്ചെമ്പിനകത്ത് വട്ടമിട്ടു പറക്കുന്നു.

**A.** അബു

**B.** കൽമേയി

**C.** പക്കീർച്ചിത്താത്ത

**D.** ബിച്ചായിശേയിത്താത്ത

c) **തന്നിരിക്കുന്ന പ്രസ്താവനകളിൽ നേവേഞ്ചിയുടെ പ്രത്യേകത**

**A.** വർഷം മുഴുവൻ ലഭിക്കും.

**B.** പുഴയിൽ നിന്ന് മുങ്ങി എടുക്കണം

**C.** പ്രായമുള്ള പുരുഷന്മാരാണ് ശേഖരിക്കുന്നത്

**D.** വെയിലത്തുവച്ചു ഉണക്കി കഴിക്കാം

**(3) പ്രതികരണക്കുറിപ്പ് അല്ലെങ്കിൽ വിശകലനക്കുറിപ്പ്.**

**3(A) പ്രതികരണക്കുറിപ്പ്**

പലതരം ജോലികൾ നടന്നുകൊണ്ടിരിക്കുന്ന സമൃദ്ധമായ അടുക്കളയിൽ ആരോ ഒരാൾ വിശന്നു നിലവിളിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഭക്ഷണത്തിന്റെ നടുവിലും വിശക്കുന്നവർ ഉണ്ടാകുമോ, എന്താണ് കാരണം. പാഠഭാഗത്തെ ആശയവും നിങ്ങളുടെ അഭിപ്രായവും ചേർത്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**3(B) വിശകലനക്കുറിപ്പ്**

അടുക്കളയിൽ എപ്പോഴും പണി ചെയ്തുകൊണ്ടിരിക്കുന്ന ആളാണ് അമ്മ. രണ്ടു കൈകൾ കൊണ്ട് എത്രയെത്ര പണികളാണ് ചെയ്തു തീർക്കുന്നത്. കുടുംബത്തിനു വേണ്ടിയുള്ള അമ്മയുടെ അധ്വാനം വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

**(4) ഡയറിക്കുറിപ്പ് അല്ലെങ്കിൽ കത്ത്**

**4(A) ഡയറിക്കുറിപ്പ്**

“തൊഴിൽ തേടി കേരളത്തിൽ വന്ന ഞാൻ മലയാളം പഠിച്ചു. ഇപ്പോൾ മലയാളം പഠിപ്പിക്കുന്നുമുണ്ട്. ഒപ്പം ഫാഷൻ ഡിസൈനറുമാണ്.”

മഞ്ഞപ്ര യു.പി. സ്കൂളിൽ തൊഴിൽ നൈപുണി കേന്ദ്രം ഉദ്ഘാടനം ചെയ്തു കൊണ്ട് ദറക്സ പർവീൺ പറഞ്ഞ വാക്കുകൾ അഞ്ജുവിന്റെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു, ‘എന്തൊരു മിടുക്കിക്കുട്ടി’!

അഞ്ജുവിന്റെ അന്നത്തെ ഡയറിക്കുറിപ്പ് എങ്ങനെയായിരിക്കും. എഴുതി നോക്കൂ.

**അല്ലെങ്കിൽ**

**4(B) കത്ത്**

വിദേശത്ത് തൊഴിലെടുത്ത് ജീവിക്കുന്ന കോയയുടെ ചെറിയ വസ്തുക്കളും വലിയ ദു:ഖവും നമ്മൾ തിരിച്ചറിഞ്ഞു. കോയ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തിക്കൊണ്ട് സുഹൃത്തിന് ഒരു കത്ത് തയ്യാറാക്കുക.

**(5) താരതമ്യക്കുറിപ്പ്**

എത്ര മഴയാണെങ്കിലും സ്കൂൾ വിട്ടാൽ ഒറ്റയോട്ടമാണ്. കുടയൊന്നും ഉണ്ടാവില്ല. നനഞ്ഞോടും, ഉള്ളിലെരിയുന്ന വിശപ്പ് ഓട്ടത്തിന് ശക്തി കൂട്ടും. ഇലയിൽ കുടഞ്ഞിട്ട പുഴുക്കിന്റെയും വെളിച്ചെണ്ണയൊഴിച്ച കാന്താരിച്ചമ്മന്തിയുടെയും ചൂടുകട്ടൻകാപ്പിയുടെയും മണങ്ങൾ ഒന്നിച്ചെത്തി പടിക്കൽ നിന്ന് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോവും. പ്രധാനലക്ഷ്യമായ അടുക്കളയിലേയ്ക്ക് എത്തിനോക്കും. പിന്നെ ഒരൊറ്റ പാച്ചിലാണ്. കുളിച്ചെന്നു വരുത്തി ഇലക്കീറ്റിലെടുത്ത പുഴുക്കുമായി നേരെ ഉമ്മറത്തേക്ക്. മുറ്റം വിഴുങ്ങുന്ന മഴത്തുള്ളികളെ നോക്കിയിരുന്ന്, എരിവുള്ള ചൂടിനെയും ചൂടുള്ള മധുരത്തെയും ഒന്നിച്ച് നാവ് ഏറ്റുവാങ്ങും. ഇതിനൊക്കെ പുറമെ നനുത്ത കുളിരായി മുത്തശ്ശിയുടെ സ്നേഹവും. ബാല്യകാലത്തെ ഓർമ്മകൾ പങ്കുവച്ചതാണ് ഒരു കൂട്ടുകാരി. നിങ്ങൾ പഠിച്ച കൊയക്കട്ട എന്ന പാഠവുമായി ബന്ധപ്പെടുത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

**(6)**

**കഥാപാത്രനിരൂപണം**

പലഹാരങ്ങളുടെ താജ് പണിയുന്ന തത്തയായിട്ടാണ് ചട്ടിപ്പത്തിരിയിലെ ബിച്ചായിശ്ശേയിത്താത്തയെ നമ്മൾ കണ്ടത്. ഏറ്റവും ശ്രദ്ധയോടെ, കൃത്യതയോടെ പലഹാരപ്പണിയിൽ മുഴുകിയിരിക്കുന്ന താത്ത, നമ്മുടെയൊക്കെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

ആ കഥാപാത്രത്തിൽ നിങ്ങൾ കണ്ട പ്രത്യേകതകൾ ഉൾപ്പെടുത്തി ബിച്ചായിശ്ശേയിത്താത്തയെക്കുറിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.